പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5219 — 23-05-2017-ലെ മറുപടിയ്ക്ക്

## കടുത്ത വേനലിൽ കൃഷി നശിച്ചു പോയവർക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** നെല്ല്, തെങ്ങ്, കമുങ്ങ് തുടങ്ങിയ കാർഷിക വിളകൾ കടുത്ത വേനലിൽ നശിച്ചു പോയവർക്ക് നഷ്ടപരിഹാരമായി സർക്കാർ എന്ത് ആനുകൂല്യമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | **(എ) & (ബി)** | വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷി ഭവൻ വഴി സ്വീകരിച്ചുവരുന്നു. 31-10-2016-ൽ സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച ശേഷം വരൾച്ച മൂലമുള്ള കൃഷിനാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി 31.25 കോടി രൂപ നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-03-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിക്കുന്നതിന് ആനുപാതികമായി നഷ്ടപരിഹാര തുക ലഭിച്ചുവരുന്നു.<br><br>സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷി നാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| **(ബി)** ആനുകൂല്യം വിതരണം ചെയ്തിട്ടില്ല എങ്കിൽ, ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | |

**സെക്ഷൻ ഓഫീസർ**